# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 65 05-3-2012-ലെ മറുപടിക്ക്.

## ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവെയ്പ്

ചോദ്യം :

ശ്രീ. എം ഉമ്മർ

ഉത്തരം :

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവെയ്പിനെ തുടർന്ന് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മീൻപിടുത്ത ബോട്ടുകൾക്ക് പ്രത്യേക സംരക്ഷണം ഏർപ്പെടുത്തുമോ; | (എ) | ഏർപ്പെടുത്തും |
| (ബി) | കപ്പൽ മാർഗ്ഗങ്ങളിലൂടെ ബോട്ടുകൾ എത്താതിരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ മൽസ്യബന്ധന ബോട്ടുകൾക്ക് നൽകുന്ന കാര്യം ആലോചിക്കുമോ; | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | ഇറ്റാലിയൻ കപ്പലിൽനിന്നുള്ള വെടിയേറ്റ് രണ്ട് മൽസ്യ തൊഴിലാളികൾ മരണപ്പെടുവാൻ ഇടയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ മൽസ്യ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ശക്തമായ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മൽസ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷക്കായി ബോട്ടുകളിൽ 'Fishing Boat' എന്ന് വ്യക്തമായി കാണത്തക്ക |

| | | | |
|---|---|---|---|
| | | | വിധത്തിൽ എഴുതിപ്രദർശിപ്പിക്കണെമെന്നും, കപ്പൽ ചാലുകളിലൂടെ ബോട്ട് ഓടിക്കരുതെന്നും അഥവാ കപ്പൽ ചാലുകളിൽ മൽസ്യബന്ധനം നടത്തുന്ന പക്ഷം കപ്പലിന് സമീപത്തേക്ക് വേഗത്തിൽ ഓടിച്ച് പോകരുതെന്നും കപ്പലിനെ പിന്തുടരാൻ പാടില്ലായെന്നും മൽസ്യ തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.<br>കൂടാതെ കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ്, നേവി, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, നാവിക സേന എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനം വഴി മൽസ്യ തൊഴിലാളികളുടെയും, തീരദേശത്തിൻെറയും സുരക്ഷഉറപ്പാക്കുന്നതിന് കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (JOC) ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. മൽസ്യ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കടലോര ജാഗ്രതാ സമിതികൾ ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ ബോധവൽ ക്കരണം നടത്തുകയും നിതാന്ത ജാഗ്രത പുലർത്തി വരികയും ചെയ്യുന്നു. ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കുന്ന കാര്യം |

| | | | |
|---|---|---|---|
| | | | ആലോചിക്കാനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നേവി, കോസ്റ്റ് ഗാർഡ്, ഷിപ്പിംഗ് ഡയറക്ടർ ജനറൽ, പോലീസ്, റവന്യൂ, ഫിഷറീസ് തുടങ്ങിയ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് 5-3-2012 -ൽ വൈകുന്നേരം 5 മണിക്ക് യോഗം കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ